**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഡോ. സക്കീർ ഹുസൈൻ അരിമ്പയ്ക്ക് തസ്തികമാറ്റം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവൺമെന്റ് ദന്തൽ കോളേജിൽ പീരിയോഡോന്റിക്സ് ഡിപ്പാർട്ട്മെന്റിൽ ലെക്ചറർ തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമിക്കപ്പെട്ട് ജോലി ചെയ്തു വരുന്ന ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾ 2021-ൽ എം. ഡി. എസ്. പൂർത്തിയാക്കിയ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി തസ്തിക മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അപേക്ഷ സമർപ്പിച്ചിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളവർക്ക് പ്രൊമോഷന് അർഹതയില്ലെന്ന് 03.02.2016 ലെ സ.ഉ (പി) നം.1/2016/സാ.നീ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും ടിയാൻ വിരമിക്കുന്നതോടെ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ലക്ചറർ തസ്തിക ഇല്ലാതാകുന്ന രീതിയിൽ നിയമനം നൽകിയിട്ടുള്ളതിനാലും ടി ഡോക്ടറെ അസിസ്റ്റന്റ് പ്രൊഫസറായി റീ ഡസിഗ്നേറ്റ് ചെയ്യാൻ കഴിയില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. |
| (ബി) | സൂപ്പർ ന്യൂമററിയായി ലെക്ചറർ തസ്തികയിൽ ജോലി ചെയ്തു വരവെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് തസ്തിക മാറ്റി നൽകിക്കൊണ്ട് സർക്കാർ ആർക്കെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ സമാനമായ രീതിയിൽ ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾക്കും തസ്തിക മാറ്റി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഒ.എ നം. 1031/2025, ഒ.എ നം. 1034/2025 എന്നിവയിന്മേലുള്ള 13.06.2025 ലെ പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഓർത്തോഡോണ്ടിക്സ് വിഭാഗം ലക്ചററായ ഡോ. സുബ്ബ ആർ നെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പുന:നാമകരണം ചെയ്യുന്നതിന് 08.07.2025 ലെ സ.ഉ (സാധാ) നം. 1886/ 2025/ആ.കു.വ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചവർക്ക് തുടർന്നുള്ള സ്ഥാനക്കയറ്റം, സീനിയോരിറ്റി, നിരീക്ഷണകാലം എന്നിവ സംബന്ധിച്ച വിഷയത്തിലുള്ള ബഹു. സുപ്രീം കോടതിയുടെ 23.05.2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ പ്രവേശിച്ചവർക്ക് ടി ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ